## മദ്ധ്യതിരുവതാംകൂറിന്റെ വികസനത്തിന് ഒരു മാർഗരേഖ

കേരളം വികസനപന്ഥാവിലാണ്. വികസന പന്ഥാവിലൂടെയുള്ള കേരളത്തിന്റെ യാത്ര ശീഘ്രമാക്കാൻ വിഷൻ കേരള 2015പോലുള്ള പദ്ധതികൾ നാം ആവിഷ്കരിച്ചിട്ടുമുണ്ട്. ഇന്ത്യ വികസിതരാഷ്ട്രങ്ങളുടെ പട്ടികയിലെത്താനുള്ള ശ്രമങ്ങൾ ആസൂത്രണം ചെയ്തുമുന്നേറുമ്പോൾ കേരളവും തങ്ങളുടേതായ പ്രത്യേകതകൾ ഉയർത്തിപ്പിടിച്ചുകൊണ്ട് രാജ്യതാൽപര്യങ്ങൾക്കൊപ്പം നിൽക്കാൻ പരിശ്രമിക്കുകയാണ്.

ജില്ലകളുടെ വികസനമാണ് സംസ്ഥാനങ്ങളുടെ വികസനം. സംസ്ഥാനങ്ങളുടെ വികസനമാണ് രാജ്യത്തിന്റെ വികസനം. വികസനപദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ നാം ഓർത്തിരിക്കേണ്ട ഒരു പ്രധാന വസ്തുതയാണ് ഇത്.

ആധുനികകാലഘട്ടത്ത് ഏറെ തെറ്റിദ്ധരിച്ചിരിക്കുന്ന ഒരു വാക്കാണ് വികസനം. കാരണം വികസനമെന്നാൽ ചില മെട്രോപോളീറ്റൻ ടൗണുകളിൽ മാത്രം സംഭവിക്കുന്ന ഒന്നായി ചിലർ ധരിച്ചുവച്ചിരിക്കുകയാണ്.

ഗാന്ധിജിയെ നാം സ്മരിക്കുന്നത് ഇവിടെയാണ്. ഇന്ത്യയുടെ വികസനത്തെപ്പറ്റി ഗാന്ധിജിക്ക് കൃത്യമായ വീക്ഷണമുണ്ടായിരുന്നു. ആ വീക്ഷണത്തിന്റെ ആഴം നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത് ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിൽ ആണെന്ന് ഗാന്ധി വിളിച്ചുപറയുമ്പോൾ ആണ്. വികസനം ഗ്രാമങ്ങളിൽ നിന്നുവന്നുകാണുന്നതിനായിരുന്നു രാഷ്ട്രപിതാവിനു താൽപര്യം. ഏറെ ശക്തിമത്തായിട്ടുള്ള ഈ ദർശനത്തിൽ നിന്നു വളരെ ദൂരത്തിലാണ് നാം ഇപ്പോൾ സഞ്ചരിക്കുന്നത്.

പ്രത്യേകമായി കേരളത്തിന്റെ കാര്യത്തിലേക്കു കടന്നുവന്നാൽ കൊച്ചിയോ തിരുവനന്തപുരമോ ഒക്കെ മാത്രം വികസനസൂചികകളായി അവതരിപ്പിക്കുന്ന ഒരു കാഴ്ചപാട് ഇതിന് ഉദാഹരണമാണ്.

യഥാർത്ഥത്തിൽ വികസനം സംഭവിക്കേണ്ടത് ഒരോ പ്രദേശങ്ങളുടെയും സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ പ്രത്യേകതകൾക്കു അനുസരിച്ചാകണം. ജനങ്ങൾക്കു ഒറ്റയ്ക്കും സമൂഹത്തിനും കൂട്ടമായും വികസനത്തിന്റെ പൂർണഫലം എങ്കിലേ അനുഭവവേദ്യമാകൂ.

പലപ്പോഴും മറ്റുപലതാൽര്യങ്ങളുമാണ് വികസനപ്രവർത്തനങ്ങളുടെ ചുക്കാൻ പിടിക്കുക. വികസനം പഠിക്കാൻ നാം പോകേണ്ടത് യഥാർത്ഥത്തിൽ ഗ്രാമങ്ങളിലേക്കാണ്. മറിച്ച് നമ്മുടെ രാഷ്ട്രീയനേതാക്കൾ ചെയ്യുന്നതുപോലെ വിദേശത്തേക്കല്ല. മറ്റുപല സംസ്ഥാനങ്ങൾക്കൊപ്പം കേരളം വികസിക്കാത്തതിന് ഇതൊക്കെത്തന്നെയാണ് പ്രധാനപ്പെട്ട കാരണങ്ങൾ.

വികസനം കേരളത്തിൽ ഇനിയും നടക്കണം. അതിന് പറ്റിയ പുതിയ മേച്ചിൽ പുറങ്ങൾ നാം തുറന്നിടണം. മലീമസമായിക്കൊണ്ടിരിക്കുന്ന കൊച്ചിയെയും മറ്റും മാത്രം ആശ്രയിച്ച് നാം ഇനിയും ഇരുന്നുകൂടാ. ഈ ചിന്താഗതികളാണ് കേരളത്തിന് ഒപ്പം കുതിക്കാൻ, ഭാരതത്തിന് ഒപ്പം മുന്നേറാൻ, സാദ്യതകളുടെ ഏദൻതോട്ടമൊരുക്കി കാത്തുകിടക്കുന്ന മദ്ധ്യതിരുവതാംകൂറിന്, വികസനപാതയിലേക്കുള്ള ഒരു മാർഗരേഖ ഒരുക്കാൻ എനിക്ക് പ്രേരണനൽകുന്നത്. ആ മാർഗരേഖ ഞാൻ നിങ്ങൾക്കുമുമ്പിൽ സമർപ്പിക്കുകയാണ്.

ഞാൻ മുമ്പ് സൂചിപ്പിച്ചതിൽ നിന്ന് തന്നെ തുടങ്ങാൻ ആഗ്രഹിക്കുന്നു. വികസനത്തിന് എന്തിന് എല്ലാവരും കൊച്ചിയെയും തിരുവന്തപുരത്തെയും മാത്രം ആശ്രയിക്കുന്നു.

എനിയും കന്യകാത്വം നഷ്ടപ്പെടാത്ത ഭൂപ്രദേശങ്ങൾ നാട്ടിൽ നിലനിൽക്കേ വീണ്ടും ആളുകൾ പഴയതിനുപുറകേ പോകുമ്പോൾ ആശയങ്ങളുടെ ദാരിദ്രം എന്നുമാത്രമേ നമുക്ക് പരിഭവിക്കാനാകൂ.

താഴെ പറയുന്നത് ഏറെ ശ്രദ്ധേയമാണ്. നമ്മുടെ ഭാവി നിശ്ചയിക്കുന്നത് നമുക്ക് എന്തുസംഭവിക്കാൻ പോകുന്നു എന്നതിനെ ആശ്രയിച്ചല്ല. മറിച്ച് നാം എന്താകുവാൻ തീരുമാനിക്കുന്നു എന്നതിനെയും അത് ആകാനുള്ള നമ്മുടെ നിശ്ചയദാർഢ്യത്തെയും ഇച്ഛാശക്തിയെയും ആശ്രയിച്ചുള്ളതാണ്.

ഇന്ത്യയിലെ തന്നെ ഏറ്റവും കൂടുതൽ വിദേശനിക്ഷേപമുള്ള ഒരു ജില്ലയായ പത്തനം തിട്ട എനിയും വികസനപാതയിലേക്ക് അതായിരിക്കുന്ന അവസ്ഥയിൽ എത്തിച്ചേരാതിരിക്കുന്നെങ്കിൽ അത് ഞാൻ മുമ്പ് സൂചിപ്പിച്ച് നിശ്ചയദാർഢ്യത്തിന്റെയും ഇച്ഛാശത്തിയുടെയും അഭാവമാണ്. എന്റെ ഈ വികസനമാർഗരേഖ പ്രധാനമായും നിങ്ങൾക്കുചൂണ്ടിക്കാട്ടിത്തരുന്നത്. മദ്ധ്യതിരുവതാകൂർ എന്തെല്ലാം കാരണങ്ങൾ കൊണ്ടാണ് വികസനത്തിന് വളക്കൂറുള്ള മണ്ണായി മാറിയിരിക്കുന്നത് എന്ന കാര്യവും ആ ലക്ഷ്യത്തിലേ ക്കായി നമുക്കുമുന്നിലുള്ള തടസങ്ങളെയുമാണ്.

### മദ്ധ്യതിരുവതാംകൂറിന്റെ ശക്തി

വികസനത്തിന് അനുയോജ്യമായി മദ്ധ്യതിരുവതാംകൂറിൽ നമുക്ക് കാണാൻ കഴിയുന്ന ഘടകങ്ങൾ ഈ അവസരത്തിൽ ഒന്നു അവലോകനം ചെയ്യുന്നത് ഏറെ നന്നായിരിക്കുമെന്ന് കരുതുന്നു. മാനുഷിക വിഭവങ്ങളുടെ സമ്പന്നതയാണ് മദ്ധ്യതിരുവതാംകൂറിന്റെ ഏറ്റവും വലിയ ശക്തി. ഇതോടൊപ്പം തന്നെ ഇനിയും മലീമസമാക്കപ്പെടാത്ത പ്രകൃതി വിഭവങ്ങളുടെ സാന്നിധ്യവും വികസനകുതിപ്പിന് ശക്തമായ അടിത്തറ അവിടെ ഒരുക്കുന്നുണ്ട്. വിദേശമലയാളികളുടെ ശക്തമായ സാമ്പത്തിക പിൻബലവും അവരുടെ ബന്ധങ്ങളുമെല്ലാം വികസനക്കുതിപ്പിന് ഒരുങ്ങാൻ മദ്ധ്യതിരുവതാംകൂറിന് സഹായമാകുന്ന ഘടകങ്ങളാണ്. മദ്ധ്യതിരുവതാംകൂറിന്റെ നാലിലൊന്ന് വികസനസാധ്യതകൾ ഇല്ലാത്ത സ്ഥലങ്ങൾ പലതും ഇന്ന് വികസനത്തിന്റെ സിരാകേന്ദ്രങ്ങളായി നിലനിൽക്കുന്നവെന്നറിയുമ്പോൾ ആണ് മദ്ധ്യതിരുവതാംകൂറിന്റെ ശക്തിയുടെ ആഴം നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്.

### മദ്ധ്യതിരുവതാംകൂറിന്റെ ദൗർബല്യങ്ങൾ

മേൻമകൾ ഏറെയുണ്ടെങ്കിലും മെച്ചപ്പെടേണ്ട
ചിലവശങ്ങൾ മദ്ധ്യതിരുവതാംകൂറിനുമുണ്ട്. പ്രതിശീർഷഭൂമിയുടെ കുറവ്, ആളോഹരിവരുമാനത്തിന്റെ അസന്തുലിതാവസ്ഥ, ജനങ്ങളുടെ വികസനോന്മുഖക്കുറവ്, അടിസ്ഥാനസൗകര്യക്കുറവ് തുടങ്ങി പ്രവാസികളെ വേണ്ടവിധത്തിൽ നാടിന് പ്രയോജനപ്പെടുത്താത്ത അവസ്ഥവരെ മദ്ധ്യതിരുവതാംകൂറിന്റെ വളർച്ചയ്ക്ക് വിഘാതമായി നിൽക്കുന്നുണ്ട് എന്നാണ് നാം മനസിലാക്കി ഇരിക്കേണ്ട ഒരു പ്രധാനകാരണം.

### ഉപയോഗപ്പെടുത്താവുന്നഅവസരങ്ങൾ

മദ്ധ്യതിരുവതാംകൂറിന് ഉപയോഗപ്പെടുത്താൻ സാധിക്കുന്ന വികസനത്തിന് ഒരുപാട് ഉപകരിക്കുന്ന അവസരങ്ങൾ ഏറെയുണ്ട്. പലതും നാം പരിഗണിക്കുന്നേയില്ല. പരിസ്ഥിതി സമ്പുഷ്ടിയാണ് അതിൽ മുഖ്യമായ ഒന്ന്. ഏറെയൊന്നും ചൂഷണംചെയ്യപ്പെടാത്ത പ്രകൃതിസമ്പത്ത് മദ്ധ്യതിരുവതാംകൂറിന് സ്വന്തമായി ഉണ്ട്. ഈ മേഖലയിലെ തികഞ്ഞ മതസൗഹാർദ്ധവും, ഉയർന്ന വിദ്യാഭ്യാസ നിലവാരവും, വികസനത്തെപ്പറ്റിയുള്ള അന്താരാഷത്രതലത്തിലുള്ള ഒരു അവബോധവും, മദ്ധ്യതിരുവതാംകൂറുകാരന്റെ ഇച്ഛാശക്തിയും, ഒക്കെത്തന്നെ വിശാലമായ രീതിയിൽ തന്നെ ഉപയോഗപ്പെടുത്തുവാൻ നമുക്കുമുമ്പിൽ തുറന്ന് കിടക്കുകയാണ്.

### ഭീഷണികൾ

മറ്റേതു സമൂഹത്തേയുംപോലെ മദ്ധ്യതിരുവതാംകൂറും വികസനമായി ബന്ധപ്പെട്ട് ചിലവെല്ലുവിളികൾ, ഭീഷണികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്.

വികസനമേഖലകൾ നോക്കി ആളുകൾ കുടിയേറ്റത്തിനൊരുങ്ങുന്നു എന്നതാണ് പ്രധാനപ്പെട്ട ഒരു ഭീഷണി. വൈദേശികമസ്തിഷ്കാനിർഗമനവും മറ്റൊരുഭീഷണിയായി നിലനിൽക്കുകയാണ്.

നല്ല ശമ്പളവും നല്ല ജീവിത സാഹചര്യങ്ങളും നോക്കി യുവാക്കളടക്കമുള്ളവർ നാടുവിട്ട് പോകുന്നു. ഒറ്റപ്പെട്ട് നാട്ടിൽ കഴിയുന്ന വൃദ്ധദമ്പതികളുടെ എണ്ണം മദ്ധ്യതിരുവതാംകൂറിൽ ഏറിവരികയാണ്. അതിന്റെ കാരണവും മറ്റൊന്നല്ല. വൃദ്ധജന അനുപാതമാണ് മദ്ധ്യതിരുവതാംകൂർ നേരിടുന്ന മറ്റൊരു പ്രധാനഭീഷണി.

മാവേലിക്കര,ചെങ്ങന്നൂർ,കുട്ടനാട്,തിരുവല്ല,റാന്നി,പത്തനംതിട്ട,കോഴഞ്ചേരി,മല്ലപ്പള്ളി,ചങ്ങനാശ്ശേരി തുടങ്ങിയ സ്ഥലങ്ങൾ ഉൾപ്പെട്ട മദ്ധ്യതിരുവതാംകൂറിന്റെ ശക്തിയും ദൗർബല്യവും മനസ്സിലാക്കിയെടുക്കാൻ ഈ പഠനം ഉപകരിച്ചുവെന്ന് വിശ്വസിക്കുകയാണ്.

മദ്ധ്യതിരുവതാംകൂറിന്റെ സാധ്യതകൾ ഏറെ മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ളതിന്റെ വെളിച്ചത്തിൽ ചിന്തിക്കുമ്പോൾ നാടിന്റെ മുഖച്ഛായ തന്നെ മാറ്റിമറിയ്ക്കുന്ന ചില പ്രോജക്ടുകളെ കൂടി ചിന്തിച്ചുപോകുകയാണ്. അവ സമൂഹത്തിന് ഏറെ ഗുണകരങ്ങളായ ചില സമീപനങ്ങൾ തന്നെയാണ്. സമൂഹത്തിന്റെ വിവിധതുറകളെ ഒന്നിപ്പിക്കുന്ന ആ പ്രോജക്ടുകളുടെ ആത്യന്തിക ലക്ഷ്യം വികസനം തന്നെയാണ്. അവയിൽ ചിലത് താഴെപറയുന്നവയാണ്.

മിനി എയർപ്പോർട്ട് (കുന്നന്താനം പാമല എസ്റ്റേറ്റിൽ),ബയോപാർക്ക്, ഫുഡ്പ്രോസസിങ്ങ് പാർക്ക്, ടെക്നോപാർക്ക്, ശബരിമല ഉൾപ്പെടെയുള്ള സ്ഥലങ്ങളെ പരിഗണിച്ചുകൊണ്ടുള്ള റയിൽ ,ജല ,റോഡ് മാർഗങ്ങളുടെ വികസനം, എൻആർഐ സിറ്റി, ബിഎസ് എൽ, ഹോട്ട് സ്പോട്ട് ,ഐഐടി, ആലപ്പുഴയിലും കായംകുളത്തും അന്താരാഷ്ട്രനിലവാരത്തിലുള്ള

പോർട്ടുകൾ, തുടങ്ങിയവയെല്ലാം മദ്ധ്യതിരുവതാംകൂറിന്റെ വികസനസ്വപ്നങ്ങളിൽ പ്രമുഖസ്ഥാനം അലങ്കരിക്കുന്നു.

ഇവയ്ക്കും പുറമേ മെട്രോറെയിൽ, സ്പെഷൽ എക്കണോമിക്ക് സോൺ, സ്പെഷൽ റെയിൽവേസോൺ,വൈദ്യുതക്ഷാമം പരിഹരിക്കുന്നതി നായി സ്വകാര്യഊർജ്ജമേഖല, ഗ്രീൻ ടെറിട്ടറി, ആയുർവേദമരുന്നുകളുടെ കൃഷി തുടങ്ങിയ ലക്ഷ്യങ്ങളും മദ്ധ്യതിരുവതാംകൂറിന്റെ ചിന്തയിൽ ഉദിച്ച് നിൽക്കേണ്ടവ തന്നെ.

ഇവയോടൊപ്പം ശബരിമല, മാരാമൺ, മഞ്ഞിനിക്കര, ആറൻമുള, പരുമല, പന്തളം, എരുമേലി, മണ്ണാർക്കാട്, നിരണം, ശ്രീവല്ലഭടെമ്പിൾ, സെന്റ് ജോൺസ് കത്തീഡ്രൽ തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ആന്താരാഷ്ട്ര തീർത്ഥാടകസെന്ററായുള്ള മദ്ധ്യതിരുവതാംകൂറിന്റെ വളർച്ചയെപറ്റിയും നമുക്ക് സ്വപ്നം കാണാവുന്നതാണ്.

ഇവയ്ക്കെല്ലാമൊപ്പം ആരോഗ്യമേഖലയിൽ ഏവർക്കും ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തുക, പഞ്ചായത്തുമാതൃകയിലുള്ള പാർപ്പിട പദ്ധതികളുടെ ആസൂത്രണം, വെള്ളം, മാലിന്യം തുടങ്ങിയവയുടെ കാര്യക്ഷമമായ വിനിയോഗം, പാരിസ്ഥികപ്രശ്നങ്ങളിൽ പരിഹാരം, പഞ്ചായത്തുതലത്തിൽ തൊഴിലുറപ്പ് പ്രധാനംചെയ്യുന്ന ഇ-സെന്റർ തുടങ്ങിയ പദ്ധതികളും മറ്റും നമ്മുടെ സ്വപ്നങ്ങളിൽ ഉരുത്തിരിയുന്നുണ്ട്

ഇനിയാവിശ്യം കൂട്ടായ പ്രവർത്തനങ്ങളാണ്.വികസനമാർഗരേഖ വെറും മാർഗരേഖമാത്രമായി ഒതുങ്ങിക്കൂടാ. അതിന് കൂട്ടായ പ്രവർത്തനം അത്യന്താപേഷിതമാണ്. വിവിധതലങ്ങളിലാണ് പ്രവർത്തനങ്ങൾ ക്രോഡീകരിക്കപ്പെടേണ്ടത്. രാഷ്ട്രീയനേതാക്കളുടെ ഇച്ഛാശക്തി മേൽപറഞ്ഞ സ്വപ്നങ്ങളുടെ പൂർത്തീകരണത്തിനായി വേണ്ടതുണ്ട്. അതിനോടൊപ്പം തന്നെ അത്യാവിശ്യമാണ് മാധ്യമങ്ങളുടെ പിന്തുണയും. വികസനമെന്ന സ്വപ്നം അകക്കണ്ണിൽ കാണാൻ കഴിയുന്ന ഏവരും ഈ കൂട്ടായപ്രവർത്തനത്തിന്റെ ഭാഗമായും നിൽക്കേണ്ടതുണ്ട്. ഇങ്ങനെ ഏവരും ഒന്നിക്കുമ്പോൾ മദ്ധ്യതിരുവതാംകൂറിന്റെ വികസന സ്വപ്നങ്ങൾക്കു ജീവൻവയ്ക്കുകയായി. ഭാരതം വളരുന്നതിനൊപ്പം കേരളംവളരുന്നതിനൊപ്പം മദ്ധ്യതിരുവതാംകൂറും വികസനപാതയിൽ തലയെടുപ്പോടെ നിൽക്കുന്നത് കാണുവാൻ നമുക്ക് കഴിയണം.

അതിനായി ഞാൻ മുമ്പ് സൂചിപ്പിച്ചപ്പോലെ നമ്മെ ഭിന്നിപ്പിച്ച് നിർത്തുന്ന ഘടകങ്ങൾ എല്ലാം മറന്ന് നമുക്ക് ഒന്നിക്കാം .നമ്മുടെ സ്വപ്നങ്ങൾ നമ്മുടെ പ്രവർത്തനങ്ങൾക്കുള്ള ഇന്ധനങ്ങളാകട്ടെ.

**റവ.ഡോ.ഏബ്രഹാം മുളമൂട്ടിൽ**